# ജി.എൽ.പി.എസ്.അക്കരക്കുളം




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

2025-26 അക്കാദമിക ഗുണമേന്മ വർഷമാണ്. ഓരോ കുട്ടിയെയും അവരുടെ പരമാവധി കഴിവുകളിലേക്ക് എത്തിക്കാൻ സഹായിക്കുന്നു. കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയുമാണ് ലക്ഷ്യം വെക്കുന്നത്.

ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയും വിധം കുട്ടികളെ ഉയർത്തിക്കൊണ്ടുവരുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുന്നു. സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വിവിധങ്ങളായ പ്രവർത്തന പദ്ധതികൾ  പ്രാവർത്തികമാക്കുന്നു.

നിലവിലെ ലോക സാഹചര്യം മനസ്സിലാക്കി ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെയും സാമൂഹ്യമാധ്യമങ്ങളെ പ്രയോജനപ്പെടുത്തിയും സ്കൂൾ അക്കാദമിക -അക്കാദമികേതര  പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലെത്തിക്കുകയും സമൂഹത്തിലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നിരന്തര പോരാട്ടങ്ങൾ സംഘടിപ്പിക്കുകയും (ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, മാലിന്യ വിമുക്ത പ്രവർത്തനങ്ങൾ, ലിംഗ നീതി ഉറപ്പാക്കൽ ,സാമൂഹ്യ വനവൽക്കരണം) ചെയ്യുന്നു.

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെയും വിവിധ കമ്മറ്റികളുടെയും എല്ലാവിധ സഹകരണവും ഉണ്ടാകാറുണ്ട്.കൂടാതെ പ്രദേശത്തെ വിവിധ ക്ലബ്ബുകളുടെയും സഹകരണങ്ങൾ വിവിധ പ്രവർത്തനങ്ങളിൽ ഉണ്ടാവാറുണ്ട്.

# സ്കൂളിനെ കുറിച്ച് അല്പം

മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ തുവ്വൂരിൽ പ്രവർത്തിച്ചിരുന്ന ഗവ മാപ്പിള എൽ പി സ്കൂളാണ് 1954 ൽ ഗവ എൽപി സ്കൂൾ എന്ന പേരിൽ അക്കരക്കുളത്തേക്ക് മാറ്റി സ്ഥാപിച്ചത് .ഇതിനു മുൻകൈയെടുത്തത് അന്നത്തെ ജൂനിയർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ശ്രീ കബീർ,ശ്രീ ആലുങ്ങൽ ഗോവിന്ദൻകുട്ടി മാസ്റ്റർ തുടങ്ങിയവരാണ് .അതിനുവേണ്ടി സ്ഥലവും കെട്ടിടവും നാമമാത്ര വാടകയ്ക്ക് നൽകി സഹകരിച്ചത് ശ്രീ തെക്കേതിൽ മൊയ്തീൻ കുട്ടിയും.

അക്കാലത്ത് ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകൾ ഉണ്ടായിരുന്നു. അര നൂറ്റാണ്ടുകാലം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 2006 മുതൽ പൂർണ്ണമായും സർക്കാർ കെട്ടിടത്തിലേക്ക് മാറി. ഡി പി ഇ പി,എസ് എസ് എ, എം എൽ എ , എംപി ഗ്രാമപഞ്ചായത്ത് തുടങ്ങിയ സംവിധാനങ്ങളുടെ പിന്തുണയോടെ ഭൗതിക സൗകര്യങ്ങളിൽ ഒരുപാട് പുരോഗതി ഉണ്ടായിട്ടുണ്ട് ഇപ്പോൾ ഒതുക്കവും ഭംഗിയുമുണ്ട് അക്കരക്കുളം ഗവൺമെൻറ് എൽ പി സ്കൂളിന് എങ്കിലും ഭൗതിക സൗകര്യങ്ങൾ ഇനിയും ഒട്ടേറെ നേടിയെടുക്കേണ്ടതുണ്ട് സുസജ്ജമായ അടുക്കള,കമ്പ്യൂട്ടർ ലാബ് ,എച്ച് എം റൂം തുടങ്ങിയവ.

2012 മുതലാണ് ഇവിടെ പ്രീ പ്രൈമറി വിഭാഗം തുടങ്ങുന്നത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ,എംഎൽഎ, എസ്എസ് കെ തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ഇപ്പോൾ 10 ക്ലാസ് മുറികൾ,ഓഡിറ്റോറിയം, ഹാൾ തുടങ്ങിയ സൗകര്യങ്ങൾ നമുക്കുണ്ട്. പൂർവ്വ വിദ്യാർത്ഥി ശ്രീ സമീർ പറവെട്ടി സ്പോൺസർ ചെയ്ത 'കളിപ്പൊയ്ക - കുട്ടികളുടെ പാർക്കും നമ്മുടെ വിദ്യാലയത്തിന്റെ മാറ്റുകൂട്ടുന്നു.പ്രീ പ്രൈമറി വിഭാഗത്തിലുള്ള 'വർണ്ണ കൂടാരം ' പഞ്ചായത്തിലെ തന്നെ ആദ്യപദ്ധതിയായി. അടുക്കള, ടോയ്‌ലറ്റ് ഉൾപ്പെടെ പൂർണ്ണമായും കോൺക്രീറ്റ് കെട്ടിടങ്ങൾ ഉള്ള വിദ്യാലയമാണ് നമ്മുടേത്.എങ്കിലും ഓഫീസ് റൂം കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ക്ലാസ് റൂം പെയിന്റിംഗ് തുടങ്ങിയ ആവശ്യങ്ങൾ നമുക്ക് ഇനിയും ഉണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ലയുടെ പേര് | : | മലപ്പുറം |
| വിദ്യാഭ്യാസ ജില്ലയുടെ പേര് | : | വണ്ടൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | വണ്ടൂർ |
| വിദ്യാലയത്തിന്റെ പേര് | : | ഗവ എൽ.പി.സ്കൂൾ അക്കരക്കുളം |
| അഡ്രസ്സ് | : | അക്കരക്കുളം<br>തുവ്വൂർ.പി.ഒ.<br>679327 പിൻ |
| ഫോൺ നമ്പർ | : | 9605321354 |
| ഇ-മെയിൽ അഡ്രസ്സ് | : | akkarakkulamglps@gmail.com |
| സ്കൂൾ കോഡ് | : | 48502 |
| സ്കൂൾ സ്ഥാപിച്ച വർഷം | : | 1954 |
| അസംബ്ലി നിയോജകമണ്ഡലം | : | വണ്ടൂർ |
| പാർലമെന്റ് നിയോജകമണ്ഡലം | : | വയനാട് |
| ബ്ലോക്ക് | : | കാളികാവ് |
| താലൂക്ക് | : | നിലമ്പൂർ |
| പഞ്ചായത്ത് | : | തുവ്വൂർ |

# പൊതുലക്ഷ്യങ്ങൾ

*അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.

*എല്ലാ ക്ലാസ്സിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

*മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിയ്ക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

*പഠനത്തിൽ പ്രയാസം നേരിടുന്നവർക്ക് പിന്തുണ നൽകുക.

*സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിയ്ക്കാനും പരിമിതികൾ മറി കടക്കാനുമുള്ള അവസരങ്ങൾ ഒരുക്കുക.

**പാഠ്യേതരപ്രവർത്തനങ്ങളിലെ മികവ് പ്രകടിപ്പിക്കാൻ അവസരം ഒരുക്കുക.**

*വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.

*ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.

*ഭാഷ,കമ്പ്യൂട്ടർ,ശാസ്ത്രലാബുകൾ ആധുനികവത്കരിയ്ക്കുക.

*ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

*മാലിന്യമുക്ത വിദ്യാലയം,പ്ലാസ്റ്റിക് മുക്ത വിദ്യാലയം,ശുചിത്വ വിദ്യാലയം എന്നിവ കൃത്യമായി നടപ്പാക്കുക.

*വിദ്യാലയം ഹൈടെക് ആക്കുക.

*സാമൂഹിക,സാംസ്കാരിക സംഘടനകളുടേയും വിവിധ ക്ലബ്ബുകളുടേയും സഹകരണം ഉറപ്പു വരുത്തുക.

## വിഷയം: മാതൃഭാഷ

### ലക്ഷ്യങ്ങൾ

**1. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.**

**2. എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക.**

**3. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.**

**4. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.**

**5. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും**

**6. ചെയ്യുന്നു എന്ന് ഉറപ്പാക്കുക .**

**7. ഭാഷാ വികാസത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.**

## ഗണിതം. ലക്ഷ്യങ്ങൾ

*ഗണിതത്തിലെ അടിസ്ഥാനക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

*ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

*പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക.

*ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾപ്രയോജനപ്പെടുത്തൽ.

*ഗണിത പഠനം ശിശു സൗഹാർദമാക്കൽ.

*ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിയ്ക്കാൻ എല്ലാവരേയും പ്രാപ്തരാക്കൽ.

*ഗണിതചിന്ത, യുക്തിചിന്ത,വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഇംഗ്ലീഷ് - ലക്ഷ്യങ്ങൾ

*തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനും, വായിക്കാനും പ്രാപ്തരാക്കുക.

*ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

*ഇംഗ്ലിഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം )അവസരം ഒരുക്കൽ.

*ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.

## ശാസ്ത്രം- ലക്ഷ്യങ്ങൾ

- ആധുനിക സൗകര്യങ്ങളോടുകൂടി ലാബ് സജ്ജമാക്കുക
- ശാസ്ത്ര മൂലകൾ ശാക്തീകരിക്കുക
- ശാസ്ത്ര പഠനത്തിൽ താല്പര്യം ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

- **ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപെടുത്തുക.**

## വിവര സാങ്കേതികവിദ്യ-ലക്ഷ്യങ്ങൾ

- ➔ വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- ➔ അറിവ് നിർമാണപ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
- ➔ കുട്ടികൾക്ക് സ്വതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവർത്തനം 1

പേര്        : വായന സഞ്ചാരി

ഉപമേഖല  :  വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമ ായിവായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക. | വായനോത്സവം - എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. പിറന്നാൾ പുസ്തകം | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായിവ ായിക്കുകയും എഴുതുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക | വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് സ്കൂൾ അസംബ്ലിയിൽ അവതരണം. | വർഷം മുഴുവൻ | ഭാഷാ ക്ലബ്ബ് | |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായിവായിക്കുകയും എഴുതുകയും ചെയ്യുന്ന എന്ന് ഉറപ്പാക്കുക | പ്രീ ടെസ്റ്റ്- എല്ലാ കുട്ടികളും അടിസ്ഥാനശേഷികൾ നേടിയിട്ടുണ്ടോ എന്നറിയാം പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്ന എന്ന് ഉറപ്പാക്കുക | വിജയസ്പർശം- പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം ഒരുക്കുന്നു. | ജൂലൈ- ഫെബ്രുവരി | എസ്.ആർ.ജി | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്ന എന്ന് ഉറപ്പാക്കുക | പോസ്റ്റ് ടെസ്റ്റ് - എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്തു എന്ന് ഉറപ്പാക്കുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്ന എന്ന് ഉറപ്പാക്കുക | അക്ഷര മരം- അക്ഷരങ്ങളും ചിഹ്നങ്ങളും പരിചിതമാക്കുന്നതിന് വേണ്ടി സ്കൂളിലൊരു അക്ഷരമരം നിർമ്മിക്കുന്നു | ജൂലൈ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പേര് : ആശയ അവതരണം

ഉപ മേഖല : പ്രകടന സദസ്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഓരോ ഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക. | കഥയരങ്ങ് (കഥാവതരണം)<br>കഥക്കൂട്ട് (കഥാരചന)<br>എന്റെ ടീച്ചർക്കൊരു കത്ത്( അധ്യാപക ദിനത്തോടനുബന്ധിച്ച് ടീച്ചക്കൊരു കത്ത് തയ്യാറാക്കൽ.) | ആഗസ്റ്റ്<br>സെപ്റ്റ ംബർ | വിദ്യാരംഗം<br>ഭാഷാ ക്ലബ്ബ് | |

പ്രവർത്തനം 3

പേര് : തനിമ

ഉപ മേഖല : അരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക. | സ്വരവാണി( കഥയും കവിതയും അവതരിപ്പിക്കാനുള്ള വേദി)<br>കാവ്യകേളി. ക്ലാസ് ആരംഭിക്കുന്നതിനു മുന്നേ | മാർച്ച് വരെ | വിദ്യാരംഗം | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.<br><br>കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക. | കഥ കവിത അവതരണം<br><br>ശ്രുതിമധുരം. പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകളുടെ ഓഡിയോ കേൾപ്പിക്കുന്നു.<br><br>പാട്ടരങ്ങ്. താള ബോധത്തോടെ വായ്ത്താരികൾ പരിചയപ്പെടൽ.<br>സർഗാത്മക നാടകം. പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ നാടക രൂപത്തിൽ അവതരിപ്പിക്കൽ. | മാർച്ച് വരെ<br><br>മാർച്ച് വരെ<br><br>ഒക്ടോബർ മുതൽ | വിദ്യാരംഗം<br><br>ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം. 4

പേര് : ഭാവാത്മകം

ഉപമേഖല. ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മക. രചനയക്കുള്ള അവസരം.<br><br>സർഗ്ഗാത്മക. രചനയക്കുള്ള അവസരം. | രചനോത്സവം- കുട്ടികൾക്ക് ചിത്രം നൽകി ആശയപൂർണ്ണതയോട് കൂടി ഭാവാത്മകമായി കഥയെഴുതുന്നു.<br><br>പോസ്റ്റർ രചന- ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം. | ഒക്ടോബർ- മാർച്ച് | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ |

പ്രവർത്തനം. 5

പേര്: സ്കൂളരങ്ങ്

ഉപമേഖല: ആവിഷ്ക്കാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക. | റീഡേഴ്സ് തിയറ്റർ: ഭാഷയുടെയും ശബ്ദത്തിന്റെയും ശക്തി ഉപയോഗിച്ച് കഥ പറയുന്നു.<br>ബാലസഭ- വിവിധ മാർഗങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ആഗസ്റ്റ്- മാർച്ച്<br>ജൂലൈ-മാർച്ച് | ക്ലാസ് ടീച്ചർ<br>അധ്യാപകർ |

പ്രവർത്തനം. 6

പേര് : കൗതുകലോകം

ഉപമേഖല : ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാ വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.<br>ഭാഷാ വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | വാർത്താലോകം. മലയാളം വാർത്തകൾ കാണാനും കേൾക്കാനും ഉള്ള അവസരം ഉണ്ടാക്കുന്നു.<br>കഥാവേള. കുട്ടിക്ക് ICT ഉപയോഗിച്ച് കഥകൾ കാണാനുള്ള അവസരം. | ജൂലൈ-മാർച്ച്<br>ജൂലൈ-മാർച്ച് | അധ്യാപകർ<br>അധ്യാപകർ |

പ്രവർത്തനം :3

പേര്: റോഡ് സുരക്ഷ

ഉപമേഖല: ട്രാഫിക്ക് ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ട്രാഫിക്ക് നിയമങ്ങളുടെ ബോധവല്ക്കരണം | കുട്ടികൾക്കും സ്കൂൾ വാഹന ഡ്രൈവർമാർക്കും ബോധവല്ക്കരണം<br>കളികൾ<br>വീഡിയോ പ്രദർശനം | വർഷം മുഴുവൻ | എസ് ആർ ജി | 2000 |

പ്രവർത്തനം 4

പേര്: എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ )

ഉപമേഖല: ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക , ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രക്ഷപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | ഏല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 5

പേര്:പരീക്ഷണ കിറ്റ്

ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനു പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | 3000 |

**പേര് : ഇംഗ്ലീഷ് അസംബ്ലി**

**ഉപ മേഖല :ആശയ വിനിമയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | സ്വയം പരിചയപ്പെടുത്തൽ വിവരണം. pre-test | ജൂലൈ മുതൽ ഓഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |
| ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിന് ശേഷി വളർത്തുക. | *കഥകളും, കവിതകളും കേൾക്കാനുള്ള അവസരം നൽകുന്നു. കേട്ട കവിതകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുക.<br>*കഥാ ചിത്രങ്ങൾ നൽകി അതിൽ നിന്ന് കഥ തയ്യാറാക്കുക.<br>*ചിത്രങ്ങൾ നൽകി അതിൽ നിന്ന് വിവരണം തയ്യാറാക്കുന്നു.<br>*ഒരു ആശയത്തെ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ആസ്പദമാക്കി കുട്ടിക്കവിതകൾ തയ്യാറാക്കുന്നു. | | | |
| സ്വാതന്ത്ര്യ വായനക്കും എഴുത്തിനും സജ്ജരാക്കുക | ഇംഗ്ലീഷ് ഡേ *ലൈബ്രറി പുസ്തകങ്ങൾ വായന. *ഒരു ആശയുമായി ബന്ധപ്പെട്ട് പദസൂര്യൻ തയ്യാറാക്കുന്നു. *ഒരു ആശയത്തെ ആസ്പദമാക്കി കൂടുതൽ വാക്കുകൾ നിശ്ചിത സമയത്തിനുള്ളിൽ കണ്ടെത്തി എഴുതുക. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ്സ് ടീച്ചർ | |
| സാങ്കേതികവിദ്യാസ ാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക. | *ഹലോ ഇംഗ്ലീഷ് *ഇംഗ്ലീഷ് വാർത്തകൾ കേൾക്കാനും കാണാനുമുള്ള അവസരം നൽകുന്നു. ദിനാചരണവുമായി ബന്ധപ്പെട്ട ഡോക്യൂമെന്റേഷൻ പ്രദർശനം (ഇംഗ്ലീഷ് ). .*കാർട്ടൂൺസ് | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ് | |

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാനക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക | ഗണിത കേളികൾ- കാർഡ്,ഡയസ് ഉപയോഗിച്ചുള്ള കളികൾ ശിൽപശാല<br>ഗണിതപ്പെട്ടി- സ്വതന്ത്രമായി പഠനോപകരണങ്ങൾ കൈകാര്യം ചെയ്യാൻ അവസരം ഒരുക്കൽ. | വർഷം മുഴുവൻ | അധ്യാപകർ, എസ്,ആർ.ജി | പി.ടി.എ |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക | ഹോണസ് റ്റിഷോപ്പ്- ക്ളാസിലേക്ക് വേണ്ട സാധനങ്ങൾ ആവശ്യാനുസരണം എടുത്ത് വിലവിവര പട്ടിക നോക്കി തുക പെട്ടിയിൽ നിക്ഷേപിക്കൽ. | വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ |
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | വർക്ക്ഷീറ്റ് തയ്യാറാക്കൽ, മാസാവസാന വിലയിരുത്തൽ, സി.പി.ടി.എ. ഗണിതമൂല ഒരുക്കൽ | എല്ലാ മാസവും | അധ്യാപകർ | പി.ടി.എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾളുംകളിപ്പെട്ടി പ്രവർത്തനങ്ങളും ഐ.സി.ടി ഉപയോഗിച്ച് നടപ്പിലാക്കുക | വർഷം മുഴുവൻ | അധ്യാപകർ | |
| ഗണിത പഠനം ശിശു സൗഹാർദമാക്കൽ | ഗണിതമേള സംഘടിപ്പിക്കൽ, ഗണിത പ്രദർശനം, | ഓരോ ടേമിലും | പി.ടി.എ, എസ്,എം.സി | പി.ടി.എ |

| | | | | |
|---|---|---|---|---|
| | മത്സരങ്ങൾ,പഠനോപകരണ നിർമാണ ശിൽപശാല, ഗണിത മാഗസിൻ നിർമാണം | | | |
| ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിയ്ക്കാൻ എല്ലാവരേയും പ്രാപ്തരാക്കൽ | ഗണിതോത്സവം സംഘടിപ്പിക്കൽ(ഗണിത ക്വിസ്സ്, ഗണിത കേളികൾ, ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ,ഗണിത പ്രദർശനം | ഫെബ്രുവരി | എസ്,ആർ.ജി | പി.ടി.എ, എസ്,ആർ.ജി |

**അക്കാദമിക മാസ്റ്റർ പ്ളാൻ (അറബിക്) -2025-26**

**ഗവ.എൽ.പി സ്കൂൾ അക്കരക്കുളം**

**ആമുഖം**

ഭാഷാപഠനത്തിൻെറ അടിസ്ഥാന ശിലകളായ ശ്രവണം,ഭാഷണം,വായന,ലേഖനം (LSRW) എന്നീ ചതുർ ശേഷികളുടെ വികസനം സുസാധ്യമാക്കാനുതകുന്ന പ്രവർത്തനങ്ങളുൾപ്പെടുത്തി കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിരിക്കുന്നത്.പ്രഖ്യാപിത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി നാലു ഘട്ടങ്ങളായാണ് പ്ളാൻ ചെയ്തിരിക്കുന്നത്.

| അക്കാദമിക മാസ്റ്റർ പ്ളാൻ (അറബിക്)-2025-26<br>ജി എൽ പി സ്കൂൾ അക്കരക്കുളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാഷാ പഠനത്തിൻെറ പ്രഥമ ഘട്ടമായ ശ്രവണം കാര്യക്ഷമമാക്കുക | കുട്ടികൾക്ക് അറബി പഠനത്തിൽ താൽ പര്യം ഉണ്ടാക്കുന്നതിനും കൂടുതൽ പദസമ്പത്തുണ്ടാക്കുന്നതിനും ലളിതമായ സംഭാഷണങ്ങൾ ആനിമേറ്റട് വീഡിയോകളിലൂടെ കാണിച്ച് കൊടുക്കുക | ജൂൺ മുതൽ ആഗസ്റ്റ് പകുതി വരെ | ഐ.ടി ഉപയോഗിച്ച് | അറബിക് ടീച്ചർ |
| കുട്ടികളുടെ കമ്മ്യൂണികേറ്റീവ് ശേഷി കൂട്ടുക | ക്ളാസ് തലത്തിൽ ഉപചാര വാക്കുകൾ,നിർദ്ദേശങ്ങൾ,ദൈനംദിന പ്രയോഗ പദങ്ങൾ തുടങ്ങിയ ഭാഷാ പ്രയോഗോപാധികൾ അവതരിപ്പിക്കുന്നു | ആഗസ്റ്റ് പകുതി മുതൽ ഒക്ടോബർ അവസാനം വരെ | ഐ.ടി, റോൾ പ്ളേ | അറബിക് ടീച്ചർ |
| വായന ശേഷി കാര്യക്ഷമമാക്കുക | വായന ശേഷി വർദ്ധിപ്പിക്കാൻ ചിത്ര കഥകൾ,വായന കാർഡുകൾ,കുട്ടി | നവംബർ മുതൽ ജനുവരി പകുതി വരെ | പുസ്തകങ്ങൾ,വായന കാർഡുകൾ,ഐ.ടി. | SRG<br>എസ്.എം.സി.സ്പോൺസറിംങ് |

| | | | | |
|---|---|---|---|---|
| | കവിതകൾ തുടങ്ങിയവ കുട്ടികൾക്ക് കൊടുക്കുന്നു,വായന മത്സരം നടത്തുന്നു | | | |
| എഴുത്തു ശേഷി കൂട്ടുക | എഴുത്തിൽ പ്രാവീണ്യം ഉണ്ടാക്കാൻ പ്രത്യേകം വർക്കഷീറ്റുകൾ നൽകുന്നു,കുട്ടികളുടെ രചന ശേഷി കൂട്ടാൻ ഏക ദിന രചന ക്യാമ്പ് സംഘടിപ്പിക്കുന്നു(അതിൽ ഉണ്ടാവുന്ന സൃഷ്ടികൾ ഒരു പതിപ്പ് ആക്കുന്നു) | ജനുവരി പകുതി മുതൽ മാർച്ച് അവസാനം വരെ | വർക്ക്ഷീറ്റുകൾ,അക്ഷര കാർഡുകൾ | SRG ,എസ്.എം.സി,അറബിക് ടീച്ചർ |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിയ്ക്കുക. *പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ,പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവു വികസിപ്പിക്കുക. *ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിയ്ക്കുക. | 1.പ്രവൃത്തി പരിചയ ശിൽപശാല പാവ നിർമാണം,ചോക്ക് നിർമാണം,കുട നിർമാണം | സപ്തംബർ | എം.പി.ടി.എ | പി.ടി.എ |
| 2.ഒറിഗാമി | അധ്യാപകർക്കുള്ള പരിശീലനം, കുട്ടികൾക്കുള്ള പരിശീലന ക്യാമ്പ് | ആഗസ്റ്റ് | എസ്.എസ്.ജി | പി.ടി.എ |

കയികാരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് ചുമതല | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാനസികവും ശാരീരികവുമായ ആരോഗ്യം കൈവരിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | കരാട്ടെ പരിശീലനം zumba പരിശീലനം ഫുട്ബോൾ പരിശീലനം | ജൂൺ മുതൽ മാർച്ച് | എച്ച് എം, പി ടി എ, എസ് ആർ ജി | |

ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും ആരോഗ്യ സ്ഥിതി മനസ്സിലാക്കി ആവശ്യമായ ചികിത്സാ സഹായം നൽകുന്നതിന്. | ആരോഗ്യ പരിശോധന നടത്തുന്നു.(FHC wandoor ) | | ആരോഗ്യ വകുപ്പ് | |

കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഭിനയം താളം എന്നിവ പാലിച്ചുകൊണ്ട് രംഗാവിഷ്കാരം. ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന കഴിവുകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ. | ബാലസഭ- | ആഴ്ചയിൽ ഒരു ദിവസം നടത്തുക. | അധ്യാപകർ | |
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനം സാധ്യമാക്കുക. | സഹവാസ ക്യാമ്പ് - PTA യുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ഒരു ഏകദിന ക്യാമ്പ് സംഘടിപ്പിക്കുന്നു . | ജനുവരി | PTA, അധ്യാപകർ | |
| കലയിലൂടെ സമൂഹത്തേയും വിദ്യാലയത്തേയും ബന്ധിപ്പിക്കുന്നു | നാട്ടരങ്ങ്- പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി കുട്ടികൾക്കൊരു ദൃശ്യവിരുന്ന് ഒരുക്കുന്നു. | ജനുവരി | പിടിഎ, അധ്യാപകർ | |

# ജൂൺ

- ➔ പ്രവേശനോത്സവം
- ➔ പരിസ്ഥിതി ദിനം
- ➔ വിജയസ്പർശം പരീക്ഷ
- ➔ ആരോഗ്യ ക്ലാസ്സ്
- ➔ വായനവാരാഘോഷം
- ➔ വിദ്യാരംഗം ഉദ്ഘാടനം
- ➔ പി.ടി.എ. ജനറൽ ബോഡി

# ജൂലൈ

- ➔ ബഷീർ ദിനം
- ➔ ചാന്ദ്ര ദിനം
- ➔ ഗണിത ക്ലബ്ബ്,ഇംഗ്ലീഷ് ക്ലബ്ബ്,ഹരിത ക്ലബ്ബ് ഉദ്ഘാടനം.
- ➔ സർഗാത്മക ഡയറി,സംയുക്ത ഡയറി ഉദ്ഘാടനം
- ➔ സ്കൂൾ ലീഡർ
- ➔ ടാലന്റ് ലാബ് ഉദ്ഘാടനം

- ➔ വിജയസ്പർശം പരിശീലനം ഉദ്ഘാടനം
- ➔ അറിവിന്നുറവ (പൊതുവിജ്ഞാന പരിശീലന ഉദ്ഘാടനം )
- ➔ Spoken English Inauguration
- ➔ ബാലസഭ
- ➔ വായനമരം  ഉദ്ഘാടനം
- ➔ സി പി ടി എ

## ആഗസ്റ്റ്

- ➔ ട്രാഫിക്ക് ബോധവൽക്കരണ ക്ലാസ്സ്
- ➔ പരീക്ഷണ കിറ്റ് തയ്യാറാക്കൽ
- ➔ സ്കൂൾതല കലാമേള ,കായികമേള,ശാസ്ത്ര മേള
- ➔ റീഡേഴ്സ് തിയേറ്റർ
- ➔ ബാല സഭ
- ➔ സി പി ടി എ
- ➔ കർഷക ദിനം
- ➔ ആയോധനകല പരിശീലനം
- ➔ ഫുഡ്ബാൾ പരിശീലനം
- ➔ സ്വാതന്ത്ര്യദിനാഘോഷം
- ➔ കാവ്യോത്സവം
- ➔ ഫാമിലി ക്വിസ്

## സെപ്തംബർ

- അധ്യാപക ദിനം
- രചനോത്സവം
- സി പി ടി എ
- ഓണാഘോഷം
- സ്കൂൾതല കായികമേള

## ഒക്ടോബർ

- ഗാന്ധി ജയന്തി ശുചീകരണ വാരം
- സി പി ടി എ
- ലോക ഭക്ഷ്യദിനാചരണം ,ബോധവല്ക്കരണം
- ബാല സഭ

## നവംബർ

- കേരളപിറവി
- ശിശുദിനം
- ഗൃഹ സന്ദർശനം
- പ്രവർത്തി പരിചയ ശില്പശാല

## ഡിസംബർ

- സഹവാസ ക്യാമ്പ്
- ഭിന്നശേഷി ദിനം
- ക്രിസ്തുമസ് ആഘോഷം
- സി.പി.ടി.എ

**ജനവരി**

- **ആശംസാകാർഡ് നിർമ്മാണം**
- **ബാലസഭ**
- **പഠന യാത്ര**
- **ഗൃഹ സന്ദർശനം**
- **റിപ്പബ്ളിക് ദിനാചരണം**
- **രക്തസാക്ഷി ദിനം**

**ഫെബ്രുവരി**

- **ഭാഷോത്സവം**
- **പഠനോത്സവം**
- **രചനോത്സവം**
- **ശാസ്ത്ര ദിനം**
- **വാർഷികാഘോഷം**

**മാർച്ച്**

- **വനദിനം**
- **ജല ദിനം**
- **സി.പി.ടി.എ**
- **സ്കൂൾ പത്രം**

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് 2025 |
| 2 | മലയാള മധുരം | ജൂലൈ 2025 മാർച്ച് 2026 |
| 3 | സംയുക്ത ഡയറി | ജൂൺ2025 മാർച്ച് 2026 |
| 4 | പാട്ടരങ്ങ് | ജൂൺ2025 മാർച്ച് 2026 |
| 5 | റീഡേഴ്സ് തിയേറ്റർ | ജൂൺ2025 മാർച്ച് 2026 |
| 6 | ഗണിത കിറ്റ്,ഗണിത മൂല | ജൂലൈ - ഡിസംബർ |
| 7 | നാട്ടരങ്ങ് ക്യാമ്പ് | ഡിസംബർ |
| 8 | റീഡേഴ്സ് തിയേറ്റർ | ജൂൺ2025 മാർച്ച് 2026 |
| 9 | ബാല സഭ | എല്ലാ മാസവും |
| 10 | അക്കാദമിക മോണിറ്ററിംഗ് | എല്ലാ മാസവും |
| 11 | സി.പി.ടി.എ | എല്ലാ മാസവും |
| 12 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |
| 13 | ഭാഷോത്സവം | ഫെബ്രുവരി |
| 14 | രചനോത്സവം | എല്ലാ മാസവും |
| 15 | വികാസ പ്രദവിലയിരുത്തൽ | എല്ലാ മാസവും |